**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 919 — 04.03.2020 ൽ മറുപടിയ്ക്ക്

## മാടായി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ

*ചോദ്യം*

ശ്രീ.റ്റി.വി.രാജേഷ് :

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.യിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കോഴ്സുകളിലേയ്ക്ക് എത്ര വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിച്ചിരുന്നു; ഇപ്പോൾ എത്ര വിദ്യാർത്ഥികൾക്കാണ് അവിടെ പ്രവേശനം ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ?

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) മാടായി ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വിശദമായ ശിപാർശ ലഭ്യമാക്കാൻ ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മാടായി ഐ.ടി.ഐ.യിൽ നിലവിൽ നടന്നു വരുന്ന ട്രേഡുകളിലേയ്ക്കായി 5526 അപേക്ഷകൾ ലഭിച്ചിരുന്നു. ആയതിൽ വിവിധ ട്രേഡുകളിലായി പ്രവേശനം നേടിയവരുടെ കണക്ക് താഴെ പറയും പ്രകാരമാണ്.

| ട്രേഡ് | പ്രവേശനം നേടിയവരുടെ എണ്ണം |
|---|---|
| ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 24 |
| ഇലക്ട്രീഷ്യൻ | 20 |
| കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് | 48 |
| ആകെ | 92 |

സെക്ഷൻ ഓഫീസർ